# ALL KERALA PRIVATE BANKERS' ASSOCIATION

(Registered under T.C. Charitable Societies Registration Act, 1955. Reg. No. K 114/1974)
State Committee Office: Bankers' Bhavan, Kodimatha, Kottayam South - 686013
Ph: 0481-2361885, Mob.: 9188545506. e-mail: akpbaktm@gmail.com Website:www.akpba.com

| *President* | *General Secretary* | *Treasurer* | *Working President* |
|---|---|---|---|
| **P. A. Jose** | **K. K. Gopu** | **Jayachandran Mattappally** | **Shaju Pulikkan** |
| Ph: 9656721270 | Ph: 9446911512 | Ph: 9496657966 | Ph: 9847712948 |


# ആവിർഭാവവും പ്രവർത്തനങ്ങളും



**പി. എ. ജോസ്**
(സംസ്ഥാന പ്രസിഡന്റ്)

കേരളത്തിലെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ കേരള സർക്കാരിൽ നിന്ന് കേരളാ മണി ലെൻഡേഴ്സ് ലൈസൻസ് എടുത്ത് പ്രവർത്തിക്കണം എന്ന നിയമം 1958 മുതൽ പ്രാബല്യത്തിൽ വന്നു. നൂറ് രൂപ ലൈസൻസ് ഫീസ് അടച്ച് ലൈസൻസ് എടുത്ത് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തനം നടത്തി വന്നു. കേരള മണി ലെൻഡേഴ്സ് ലൈസൻസ് എടുത്ത് പ്രവർത്തിച്ചുവന്നിരുന്ന സ്വകാര്യ പണമിടപാടുകാരുടെ ഉന്നമനത്തിനായി മലബാറിൽ നോർത്ത് കേരള പ്രൈവറ്റ് ബാങ്കേഴ്സ് അസോസിയേഷൻ എന്ന പേരിൽ കോഴിക്കോട് ആസ്ഥാനമായും, മദ്ധ്യകേരളത്തിൽ ദി കേരള സ്മോൾ ഫിനാൻസിയേഴ്സ് അസ്സോസിയേഷൻ എന്ന പേരിൽ തൃശൂർ ആസ്ഥാനമായും, തെക്കൻ കേരളത്തിൽ കേരള പ്രൈവറ്റ് ബാങ്കേഴ്സ് അസോസിയേഷൻ എന്ന പേരിൽ കോട്ടയം ആസ്ഥാനമായും സംഘടനകൾ പ്രവർത്തിച്ചുവന്നിരുന്നു. 1980 കാലഘട്ടത്തിൽ അനധികൃത സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ (ബ്ലേയിഡ് കമ്പനികൾ) ഉയർന്നുവന്നു. മേൽ സ്ഥാപനങ്ങളെ നിയന്ത്രിക്കുവാനുതകുംവിധം കേരള മണി ലെൻഡേഴ്സ് ആക്ടിൽ പുതിയ ഭേദഗതികൾ വരികയുണ്ടായി.

1983 മുതൽ വായ്പ നൽകുന്നതിൽ കേരള സർക്കാരും, ഡെപ്പോസിറ്റ് വാങ്ങുന്നതിൽ കേന്ദ്രസർക്കാരും നിയന്ത്രണങ്ങൾ കൊണ്ടുവന്നു. പുതിയ പ്രതിസന്ധികളെ രാഷ്ട്രീയമായും നിയമപരമായും നേരിടുന്നതിന്റെ ആവശ്യകത മനസ്സിലാക്കി കേരളത്തിലെ മേൽ സൂചിപ്പിച്ച മൂന്ന് അസ്സോസിയേഷനുകളും ചേർന്ന് 1991 മുതൽ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുപോന്നു. 2007 ൽ കോ-ഓർഡിനേഷൻ കമ്മിറ്റി പിരിച്ചുവിട്ട് മേൽ 3 അസ്സോസിയേഷനുകളും ലയിച്ച് "ഓൾ കേരള പ്രൈവറ്റ് ബാങ്കേഴ്സ് അസ്സോസിയേഷൻ" എന്ന ഒറ്റ സംഘടനയായി കോട്ടയത്ത് രജിസ്റ്റേഡ് ഓഫീസായി പ്രവർത്തനം ആരംഭിച്ചു. കോട്ടയത്ത് "ബാങ്കേഴ്സ് ഭവൻ" ആസ്ഥാനമായും, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ റീജണൽ ഓഫീസുകളുമായി 75 താലൂക്ക് കമ്മിറ്റികളും 14 ജില്ലാ കമ്മിറ്റികളും കേരളത്തിലെ 5000 ത്തിലധികം സ്വകാര്യ പണമിടപാടുകാരായ മെമ്പർമാരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു വരുന്നു.

കാലാകാലങ്ങളിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും കൊണ്ടുവന്ന കടുത്ത നിയന്ത്രണങ്ങളെ കേരളത്തിലെ കെ.എം.എൽ. ലൈസൻസികൾ അസ്സോസിയേഷന്റെ പ്രവർത്തനത്തിലൂടെ എങ്ങനെ അതിജീവിച്ചു എന്ന് വിശകലനം ചെയ്യാം.

## 1. "ബാങ്കേഴ്സ്" എന്ന വാക്ക് പേരിനൊപ്പം ഉപയോഗിക്കാം

"1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ സെക്ഷൻ 7 അനുസരിച്ച് "ബാങ്കേഴ്സ്" എന്ന വാക്ക് കെ.എം.എൽ ലൈസൻസികൾ പേരിനൊപ്പം ഉപയോഗിക്കുവാൻ പാടില്ല എന്ന് കേരള മണിലെന്റിംഗ് ലൈസൻസിംഗ് അതോറിട്ടി നോട്ടീസ് നൽകിയതിനെതിരെ 1979 ൽ നോർത്ത് കേരള പ്രൈവറ്റ് ബാങ്കേഴ്സ് അസോസിയേഷൻ ബഹു. കേരളാ ഹൈക്കോടതിയിൽ റിട്ട് ഹർജി നൽകി. 1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ട് സെക്ഷൻ 7 (2) അനുസരിച്ച് "ബാങ്കേഴ്സ്" എന്ന വാക്ക് പേരിനൊപ്പം ചേർക്കുവാൻ നിയമതടസ്സമില്ലെന്ന് 1981 ൽ ബഹു. കേരള ഹൈക്കോടതി വിധിച്ചു. അടുത്തകാലത്തായി കെ.എം.എൽ ലൈസൻസികൾ പേരിനൊപ്പം "ബാങ്കേഴ്സ്" എന്ന വാക്ക് ഉപയോഗിക്കുന്നവർ അത് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് ലൈസൻസിംഗ് അതോറിട്ടി നോട്ടീസ് നൽകുകയുണ്ടായി. അസ്സോസിയേഷൻ അതിനെതിരെ കേസിനുപോയി ബഹു. കേരള ഹൈക്കോടതിയിൽ നിന്ന് കെ.എം.എൽ ലൈസൻസികളുടെ പേരിനൊപ്പം "ബാങ്കേഴ്സ്" എന്ന വാക്ക് ഉപയോഗിക്കുന്നത് നിയമാനുസൃതമാണെന്ന വിധി സമ്പാദിച്ചു. അങ്ങനെ അസ്സോസിയേഷന്റെ പേരും സ്ഥാപനങ്ങളുടെ പേരും സംരക്ഷിച്ചു.

## 2. ലൈസൻസ് ഫീസ്

1958 ൽ കെ.എം.എൽ ആക്ട് നിലവിൽ വന്നപ്പോൾ ലൈസൻസ് ഫീസ് നൂറു രൂപ (Rs. 100) ആയിരുന്നു. ഇപ്പോൾ അത് ആറായിരം രൂപ (Rs. 6000) ആണ്. വർദ്ധനവിന്റെ പല ഘട്ടങ്ങളിലൂടെ നമുക്കൊന്നു സഞ്ചരിക്കാം.

1958-ൽ 100 രൂപ ആയിരുന്ന ലൈസൻസ് ഫീസ് 1983-ൽ ആയിരം രൂപയായി വർദ്ധിപ്പിച്ചു. 25 വർഷം കൂടിയുള്ള ഈ വർദ്ധന അസ്സോസിയേഷൻ കോടതിയിൽ ചോദ്യം ചെയ്തെങ്കിലും കേരള ഹൈക്കോടതി വർദ്ധനവ് അംഗീകരിച്ചു. പിന്നീട് 10 വർഷത്തിനുശേഷം 1993 ൽ അന്നത്തെ ധനമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി ലൈസൻസ് ഫീസ് 5000 രൂപയായി ബഡ്ജറ്റിൽ നിർദ്ദേശിച്ചു. അസോസിയേഷന്റെ ശക്തമായ പ്രതിഷേധം കണക്കിലെടുത്ത് ഉമ്മൻ ചാണ്ടി സാറുതന്നെ അത് 2000 രൂപയായി കുറച്ച് നിശ്ചയിച്ചു. 3 വർഷത്തിനുശേഷം 1996-ൽ ഇടതുപക്ഷ സർക്കാർ ലൈസൻസ് ഫീസ് പതിനായിരം രൂപയായി ബഡ്ജറ്റിൽ നിർദ്ദേശിച്ചു. ഇതിനെതിരെ ധനമന്ത്രിക്കും, മുഖ്യമന്ത്രിക്കും, എ.കെ.ജി. സെന്ററിൽ പോയി പാർട്ടി സെക്രട്ടറിക്കും നിവേദനങ്ങൾ നൽകുകയും ചെയ്തു. ഒരു വിട്ടുവീഴ്ചയ്ക്കും സർക്കാർ തയ്യാറാകാതെ വന്നപ്പോൾ അസ്സോസിയേഷൻ ബഹു. കേരള ഹൈക്കോടതിയിൽ ലൈസൻസ് ഫീസ് വർദ്ധനവിനെതിരെ റിട്ട് ഫയൽ ചെയ്ത് സ്റ്റേ വാങ്ങി. 1997-ലെ ബഡ്ജറ്റിൽ ലൈസൻസ് ഫീസ് 5000 രൂപയായി കുറച്ച് നിശ്ചയിക്കുകയും ടി വിവരം ബഹു. കോടതിയിൽ ബോധിപ്പിക്കുകയും ചെയ്തു. ബഹു. കേരള ഹൈക്കോടതിയിലെ സിംഗിൾ ബഞ്ച് ലൈസൻസ് ഫീസ് 5000 രൂപയായി നിശ്ചയിച്ച് വിധി നൽകി. ഈ വിധിക്കെതിരെ ഡിവിഷണൽ ബഞ്ചിൽ അപ്പീൽ നൽകി.

അബ്കാരികളെപ്പോലെ കണ്ട് സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കുന്നതിന് ലൈസൻസ് വർദ്ധന ആവശ്യമാണെന്ന സർക്കാരിന്റെ വാദം നിരാകരിക്കുകയും ലൈസൻസ് നൽകുന്നതിനും പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും, വരുന്ന ചെലവ് കണക്കാക്കി മാത്രമേ ലൈസൻസ് ഫീസ് ചുമത്താൻ പാടുള്ളൂ എന്നും ഡിവിഷണൽ ബഞ്ച് നിർദ്ദേശിക്കുകയും ചെയ്തു. ലൈസൻസ് ഫീസ് 3000 രൂപയായി കുറച്ച് നിശ്ചയിക്കുകയും 1996-97, 1997-98, 1998-99 വർഷങ്ങളിൽ കൂടുതലായി വാങ്ങിയ 6000 രൂപ ഓരോ മണി ലെൻഡർക്കും തിരിച്ചു നൽകുവാൻ വിധിക്കുകയും ചെയ്തു. ഈ വിധിക്കെതിരെ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ നൽകിയെങ്കിലും ബഹു. സുപ്രീം കോടതി കേരള ഹൈക്കോടതിയുടെ മേൽ വിധിയെ ശരി വച്ചു. നീണ്ട നിയമയുദ്ധത്തിനൊടുവിൽ ലൈസൻസ് ഫീസ് 1996 മുതൽ 3000 രൂപയായി നിശ്ചയിക്കപ്പെട്ടു. ഈ സുപ്രധാന വിധിയില്ലായിരുന്നുവെങ്കിൽ നമ്മുടെ ലൈസൻസ് ഫീസ് ഒരു ലക്ഷമാക്കി നിശ്ചയിക്കുമായിരുന്നെന്ന് ബഹുമാനപ്പെട്ട മുൻ ധനകാര്യ മന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ നിയമസഭയിൽ പറഞ്ഞ കാര്യം ഓർക്കുമല്ലോ.

പതിനേഴ് വർഷങ്ങൾക്കുശേഷം 2013 ൽ ധനമന്ത്രി ശ്രീ. കെ.എം.മാണി നമ്മുടെ ലൈസൻസ് ഫീസ് 10000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ബഡ്ജറ്റിൽ നിർദ്ദേശിച്ചു. മുഖ്യമന്ത്രിയേയും ധനകാര്യമന്ത്രിയേയും അന്നത്തെ സംസ്ഥാന പ്രസിഡന്റ് ജോസഫ് സാറിന്റെ നേതൃത്വത്തിൽ അസോസിയേഷൻ ഭാരവാഹികൾ നേരിൽ കണ്ട് നിവേദനം നൽകിയെങ്കിലും അനുകൂല പ്രതികരണം ലഭിക്കാത്തതിനാൽ 4000 ത്തോളം നമ്മുടെ മെമ്പർമാരെ പങ്കെടുപ്പിച്ച് തിരുവനന്തപുരത്ത് മാർച്ചും, സെക്രട്ടറിയേറ്റ് പടിക്കൽ ധർണ്ണയും നടത്തി. അസ്സോസിയേഷന്റെ ശക്തമായ പ്രതിഷേധവും നമ്മുടെ പാലായിലെ മെമ്പർമാരുടെ സൗഹൃദവും കണക്കിലെടുത്ത് മാണിസാർ ലൈസൻസ് ഫീസ് 6000 രൂപയായി കുറച്ച് നിശ്ചയിച്ചു. രാഷ്ട്രീയ നേതൃത്വത്തെ നമ്മുടെ ആവശ്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിയും, വേണ്ടപ്പോൾ കോടതി നടപടികളിലൂടെയും അസ്സോസിയേഷൻ പ്രവർത്തിച്ചതിന്റെയും ഫലമായി 1993 മുതൽ പ്രവർത്തിക്കുന്ന കേരളത്തിലെ ഓരോ മണിലെൻഡേഴ്സിനും ഒരു ലക്ഷത്തി എഴുപത്തിയാറായിരം രൂപ ലൈസൻസ് ഫീസ് ഇനത്തിൽ മാത്രം ലാഭമുണ്ടാക്കി കൊടുക്കുവാൻ അസ്സോസിയേഷന് കഴിഞ്ഞിട്ടുണ്ട്.

## 3. സെക്യൂരിറ്റി ഡെപ്പോസിറ്റ്

1983 ലെ ഫിനാൻസ് ബില്ലിൽ ഒരു സാമ്പത്തിക വർഷം കടം കൊടുക്കുന്ന മൊത്തം തുകയ്ക്ക് (Aggregate amount) വിവിധ സ്ലാബുകളിലായി 5000 രൂപ മുതൽ 50000 രൂപ വരെ ട്രഷറികളിൽ സെക്യൂരിറ്റി നിക്ഷേപങ്ങൾ നൽകി ആയത് ലൈസൻസിങ്ങ് അതോറിറ്റിക്ക് പ്ലഡ്ജ് ചെയ്ത് നല്കണമെന്ന നിയമം നിലവിൽ വന്നു. (Sec. 4 (2A) & Sec 4 (2B)) കൂടാതെ Sec. 16 A നിയമമനുസരിച്ച് കെ.എം.എൽ ആക്ടിലെ ഏതെങ്കിലും നിയമമോ, റൂളോ ലൈസൻസി തെറ്റിച്ചാൽ ആയതിന് ചുമത്താവുന്ന പിഴയുടെ തുക ലൈസൻസി കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി തുകയിൽ നിന്ന് സർക്കാരിന് കണ്ടുകെട്ടാവുന്നതുമാണ്. ലൈസൻസ് നൽകുവാൻ സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങുകയും നിയമം തെറ്റിച്ചു എന്നു പറഞ്ഞ് ആ തുക കണ്ടുകെട്ടുകയും ചെയ്താൽ കെ.എം.എൽ ലൈസൻസ് പ്രകാരം ബിസിനസ് നടത്തുക തികച്ചും ദുഷ്കരമാകും. ഇത് മനസ്സിലാക്കി തൃശൂരും, കോട്ടയത്തും, കോഴിക്കോടും മറ്റു പല സ്ഥലങ്ങളിലുമായി പ്രവർത്തിച്ചുവരുന്ന അസ്സോസിയേഷനുകൾ ഒറ്റയ്ക്ക് ഒറ്റയ്ക്ക് പ്രതികരിച്ചു. മുഖ്യമന്ത്രിയേയും, അന്ന് ഈ നിയമം കൊണ്ടുവന്ന ധനമന്ത്രി മാണി സാറിനേയും തൃശൂരിൽ പ്രവർത്തിച്ചിരുന്ന കേരള സ്മോൾ ഫിനാൻസിയേഴ്സ് അസ്സോസിയേഷന്റെ നേതൃത്വത്തിൽ നേരിൽ കാണുകയും നിവേദനം നൽകുകയും ചെയ്തു. ഇതുപോലെ മറ്റ് അസോസിയേഷനുകളും ചെയ്തിട്ടുണ്ട്. ഇന്നത്തെപ്പോലെ കൂട്ടായ ശക്തിയായി അസ്സോസിയേഷനുകൾ പ്രവർത്തിച്ചിരുന്നില്ല. ആയതിനാലാണെന്നു തോന്നുന്നു ഒരു വിട്ടുവീഴ്ചയ്ക്കും സർക്കാർ തയ്യാറായില്ല. തൃശൂരിലെ കെ.എസ്.എഫ്.എ മെമ്പർമാർ തിരുവനന്തപുരത്ത് പ്രകടനവും ധർണ്ണയും നടത്തി. ഫലം ശൂന്യം. അവസാനം കെ.എസ്.എഫ്.എ അതിലെ മെമ്പർമാരുടെ കുറച്ചുപേരുടെ പേരിൽ ബഹു. കേരള ഹൈക്കോടതിയിൽ ഒരു റിട്ട് ഫയൽ ചെയ്തു. താൽക്കാലികമായി സ്റ്റേ വാങ്ങി. കേരളത്തിലെ പല കെ.എം.എൽ. ലൈസികളും ഈ കേസിൽ കക്ഷി ചേർന്നു. കോട്ടയത്തു പ്രവർത്തിച്ചിരുന്ന കെ.പി.ബി.എ., കെ.എസ്.എഫ്.എ.യുമായി

ബന്ധപ്പെടുകയും കേസിന്റെ നടത്തിപ്പിൽ സഹകരിക്കുകയും ഉണ്ടായി. ബഹു. കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിൽ തത്വത്തിൽ തന്നെ സെക്യൂരിറ്റി ആവശ്യമില്ലെന്ന് വാദിച്ചു. എന്നാൽ ബഹു. കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് സെക്യൂരിറ്റി തത്വത്തിൽ അംഗീകരിക്കുകയും മേൽ നിയമങ്ങൾ ശരിവച്ചുകൊണ്ട് 1986 ൽ വിധി വരുകയും ചെയ്തു. മേൽ വിധിക്കെതിരെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകി. മേൽ അപ്പീൽ നിലവിലിരിക്കെ തന്നെ സെക്യൂരിറ്റിയുടെ സ്ലാബ് 5000 രൂപ മുതൽ 50000 രൂപവരെയായിരുന്നത് 5000 രൂപ മുതൽ രണ്ട് ലക്ഷം രൂപവരെ ആയി ഉയർത്തി 1987 ലെ ഫിനാൻസ് ബില്ലിൽ കെ.എം.എൽ. ആക്ട് അമന്റ് ചെയ്തു.

17-11-1988 ൽ ബഹു. കേരള ഹൈക്കോടതിയുടെ ഡിവിഷണൽ ബഞ്ചിന്റെ വിധി വന്നു. മേൽ വിധിയിൽ സെക്യൂരിറ്റി ഡെപ്പോസിറ്റിനെ തത്വത്തിൽ അംഗീകരിച്ചെങ്കിലും സെക്യൂരിറ്റി തുക കണ്ടുകെട്ടുവാനുള്ള അധികാരം (സെക്ഷൻ 16 എ) പൂർണ്ണമായും എടുത്തു കളഞ്ഞു. സെക്ഷൻ 16 എ നിയമാനുസൃതമല്ലെന്ന് വിധിച്ചു. രണ്ടാമതായി ഒരു സാമ്പത്തിക വർഷം മൊത്തം കൊടുക്കുന്ന തുക (Aggregate Money Lent) കണക്കാക്കി സെക്യൂരിറ്റി കൊടുക്കണം എന്ന നിയമം ശരിയല്ലെന്ന് കണ്ട്, എത്ര തുകയാണോ കടംകൊടുക്കുവാൻ ഉപയോഗിച്ചത് ആ തുക കണക്കാക്കി മാത്രമേ സെക്യൂരിറ്റി കെട്ടിക്കുവാൻ പാടുള്ളൂ എന്നും വിധിച്ചു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർവചനം താഴെ കൊടുക്കുന്നു.

“മൊത്തം കടം കൊടുക്കുന്ന സംഖ്യ” എന്നാൽ ടോട്ടൽ ടേണോവറോ കടം കൊടുക്കുവാൻ സ്വരൂപിച്ച മൊത്ത സംഖ്യയോ അല്ല. എന്നാൽ യഥാർത്ഥത്തിൽ കടംകൊടുക്കുവാൻ ഉപയോഗിച്ച സംഖ്യ മാത്രമാണ്. ഒരു ലക്ഷം രൂപ ഒരു സാമ്പത്തിക വർഷത്തിൽ പല ആളുകൾക്ക് കടം കൊടുക്കുന്നതുകൊണ്ട് ‘മൊത്തം കടം കൊടുത്ത സംഖ്യ’ വർദ്ധിക്കുന്നില്ല. മറിച്ച് അത് ഒരു ലക്ഷം തന്നെയാണ്.

മേൽ വിധിക്ക് എതിരേ കേരള സർക്കാർ ബഹു. സുപ്രീംകോടതിയിൽ അപ്പീൽ നൽകി. 1992 ൽ ബഹു. സുപ്രീംകോടതി കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി ശരിയാണെന്ന് വിധിച്ചു.

നമ്മൾ സെക്യൂരിറ്റി കെട്ടുകയും സർക്കാർ അത് കണ്ടുകെട്ടുകയും ചെയ്തിരുന്നെങ്കിൽ നമ്മളിൽ ഭൂരിഭാഗം പേരും ഈ ബിസിനസ് നിർത്തിപ്പോകുമായിരുന്നു. 1983 മുതൽ 1992 വരെ 9 വർഷം കേസ് നടത്തിയാണ് ഈ വിജയം നേടിയത്. ഇത് മനസ്സിലാക്കിയാണ് 1991 മുതൽ തൃശൂർ, കോട്ടയം, കോഴിക്കോട് ഭാഗങ്ങളിലായി പ്രവർത്തിച്ചിരുന്ന KSFA, KPBA, NKPBA എന്നീ സംഘടനകൾ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയായി ഒന്നിച്ചു പ്രവർത്തിച്ചു തുടങ്ങുകയും 2007 ൽ AKPBA എന്ന ഒറ്റ സംഘടനയായി മാറുകയും ചെയ്തത്.

കേരള സർക്കാർ 2016 ൽ കെ.എം.എൽ ആക്ട് അമെന്റ് ചെയ്തു. സെക്യൂരിറ്റി തുക മിനിമം 10000 രൂപയായും തുടർന്നുള്ള എല്ലാ സ്ലാബുകളിലും 50% വർദ്ധനവും വരുത്തി മാക്സിമം മൂന്ന് ലക്ഷവുമാക്കി. സെക്യൂരിറ്റി തുക നിശ്ചയിക്കുന്ന മാനദണ്ഡം മുൻ വർഷം കൊടുത്ത കടത്തിന്റെ ആകെ തുകയാക്കുകയും ചെയ്തു. നമ്മൾ സമ്പാദിച്ച വിധിയെ അട്ടിമറിക്കുന്നതാണ് പുതിയ ഭേദഗതി.

ഈ നിയമ ഭേദഗതിക്കെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്ത് അസ്സോസിയേഷൻ മെമ്പർമാർക്ക് മാത്രമായി സ്റ്റേ ലഭിച്ചു. ഇപ്പോഴും കേസ് നടത്തിക്കൊണ്ടിരിക്കുന്നു.

## 4. നിക്ഷേപങ്ങൾ സ്വീകരിക്കൽ

1997 ൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (45 S RBI Act) പണം കടംകൊടുക്കുന്ന കെ.എം.എൽ. ലൈസൻസികൾ പൊതുജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുന്നത് പൂർണ്ണമായും നിരോധിച്ചുകൊണ്ടും, സ്വീകരിച്ചിരിക്കുന്ന നിക്ഷേപങ്ങൾ രണ്ട് വർഷത്തിനുള്ളിൽ മുഴുവൻ മുതലും പലിശയും നൽകി മടക്കി നൽകണമെന്നും നിയമമായി. ഈ നിയമത്തിനെതിരെ ഓൾ ഇന്ത്യ തലത്തിലുള്ള വിവിധ സംസ്ഥാനങ്ങളിലെ മണി ലെന്റിംഗ് അസ്സോസിയേഷനുകളുടെ സഹകരണത്തോടെ ബഹു. ഹൈക്കോടതിയിലും ബഹു. സുപ്രീംകോടതിയിലും കേസ് നടത്തി. വിജയിക്കുവാൻ കഴിഞ്ഞില്ലെങ്കിലും 6 വർഷം നിക്ഷേപങ്ങൾ മടക്കി നൽകുന്നതിന് സമയം ലഭിച്ചത് അസ്സോസിയേഷൻ അംഗങ്ങൾക്ക് ആശ്വാസമായി. കൂടാതെ അസ്സോസിയേഷന്റെ നിരന്തരമായ ഇടപെടൽ മൂലം ബാങ്കുകൾ സ്വകാര്യ പണമിടപാടുകാർക്കും ലോൺ നൽകുന്നതും മെമ്പർമാർക്ക് ഗുണകരമായിരിക്കുന്നു. RBI നിർദ്ദേശിച്ചിരിക്കുന്ന 22 കാറ്റഗറി ബന്ധുക്കളിൽ നിന്നും ലോൺ ആയി പണം സ്വീകരിക്കാം.

## 5. KML Act ൽ പലിശ നിയന്ത്രണം

1963 ലാണ് കെ.എം.എൽ ലൈസൻസികൾ പന്ത്രണ്ട് (12%) ശതമാനം സാധാരണ പലിശ മാത്രമേ ലോണുകൾക്ക് ഈടാക്കുവാൻ പാടുള്ളൂ എന്ന നിയന്ത്രണം പ്രാബല്യത്തിലായത്. ആ കാലങ്ങളിൽ ബാങ്കുകൾ ഈടാക്കിയിരുന്ന പലിശ നിരക്ക് കുറവായതിനാൽ ലാഭകരമായി മണി ലെന്റിംഗ് നടത്തുവാൻ കഴിഞ്ഞിരുന്നു. എന്നാൽ 1970 മുതൽ ബാങ്ക് നിരക്കുകളിൽ (നിക്ഷേപത്തിലും വായ്പയിലും) മാറ്റം വന്നപ്പോൾ കെ.എം.എൽ ലൈസൻസികൾക്ക് ലാഭകരമായി ബിസിനസ്സ് നടത്തുവാൻ ബുദ്ധിമുട്ടായി. നിരന്തരമായ അസ്സോസിയേഷന്റെ ആവശ്യം മുൻനിർത്തി 1986 ൽ അന്നത്തെ ധനമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി കമേഴ്സ്യൽ ബാങ്ക് പലിശനിരക്കിനേക്കാൾ 2% കൂടുതൽ പലിശനിരക്ക് കെ.എം.എൽ ലൈസൻസികൾക്ക് വായ്പയിന്മേൽ ഈടാക്കുവാൻ അനുവാദം നൽകി. 2019 ൽ കേരള സർക്കാർ പലിശ നിരക്ക് 18% സാധാരണ പലിശയായി ബഡ്ജറ്റ് നിർദ്ദേശം വന്നു. അസ്സോസിയേഷൻ ശക്തമായി അവശ്യപ്പെട്ടതനുസരിച്ച് 2% പ്രോസസിംഗ് ചാർജ് കൂടി വായ്പകളിൽ ഈടാക്കുവാൻ അനുവാദം ലഭിച്ചു.

## 6. സോൾവൻസി സർട്ടിഫിക്കറ്റ്

25/2/2002 ൽ SRO No.403/2002 in K.G. Ext. No. 697 പബ്ലിഷ് ചെയ്ത നോട്ടിഫിക്കേഷൻ അനുസരിച്ച് കെ.എം.എൽ ലൈസൻസ് കൈവശമുള്ള ലൈസൻസികൾ എല്ലാവരും അവർ ചെയ്യുന്ന ബിസിനസ്സിന്റെ തോത് അനുസരിച്ച് സോൾവൻസി സർട്ടിഫിക്കറ്റ് IAC ക്ക് നൽകണമെന്നും ആയത്

ലൈസൻസിനുള്ള അപേക്ഷ ഫോമിൽ കോളം 7 ആയും (Form A) പുതുക്കുന്ന ഫോമിൽ (Form AA) കോളം 4 ആയും രേഖപ്പെടുത്തി ആവശ്യപ്പെടുകയും ഉണ്ടായി. സോൾവൻസി സർട്ടിഫിക്കറ്റ് എന്താണെന്ന് അറിഞ്ഞാലാണ് അത് നൽകുവാനുള്ള ബുദ്ധിമുട്ട് നമുക്ക് മനസ്സിലാകുകയുള്ളൂ. ഒരു ലൈസൻസി അമ്പത് ലക്ഷം രൂപയുടെ ബിസിനസ്സ് ചെയ്യുന്നുണ്ടെങ്കിൽ ആ തുകയുടെ അത്രയും മൂല്യമുള്ള ഭൂമി സർക്കാരിന് ഈടായി നൽകുക. അപ്പോൾ തഹസിൽദാർ നമുക്ക് അത്രയും തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് നൽകും. KML ലൈസൻസ് റദ്ദാക്കപ്പെട്ടതിന് ശേഷം മാത്രമേ തഹസിൽദാർ ആ ഭൂമി കടവിമുക്തമാക്കി തരുകയുള്ളൂ. ഈ നിയമത്തിനെതിരെ കോട്ടയം, തൃശൂർ, കോഴിക്കോട് അസ്സോസിയേഷനുകളുടെ കോർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് കൊടുത്ത് സ്റ്റേ വാങ്ങി 25-06-2004 ൽ ബഹു. കേരളാ ഹൈക്കോടതിയിലെ ജസ്റ്റീസ് കെ. ബാലകൃഷ്ണൻ നായർ കെ.എം.എൽ. ലൈസൻസ് പ്രകാരം പണമിടപാടായി നടത്തുന്നവർ സോൾവൻസി സർട്ടിഫിക്കറ്റുകൾ നൽകേണ്ടതില്ലെന്ന് വിധിച്ചു. സീനിയർ അഡ്വക്കേറ്റ് റ്റി. പി. കേളു ആണ് അസ്സോസിയേഷനുവേണ്ടി ഹാജരായത്. (Order on EMP No. 23385/2005, ARD LA No.315/2004[7] OP No. 13837/2003 V) 3 വർഷം അസ്സോസിയേഷൻ ഭാരവാഹികളുടെ ശ്രദ്ധാപൂർവ്വമായ പ്രവർത്തനവും വലിയ തുക ചിലവും മേൽ കേസിന് വേണ്ടി വന്നു. സോൾവൻസി സർട്ടിഫിക്കറ്റ് നൽകേണ്ടി വരികയാണെങ്കിൽ ഇപ്പോഴുള്ള സ്വകാര്യ പണമിടപാടുകാരിൽ (നമ്മളിൽ) 10% പേർ പോലും ഈ മേഖലയിൽ ബിസിനസ് ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

## 7. പ്രൊഫഷണൽ ടാക്സ്

2008 ൽ കേരള സർക്കാർ കെ.എം.എൽ ലൈസൻസികളെ പ്രിസംറ്റീവ് പ്രൊഫഷണൽ ടാക്സ് പരിധിയിൽപ്പെടുത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ വർഷത്തിൽ പ്രൊഫഷണൽ ടാക്സ് നൽകണമെന്ന നിയമം കൊണ്ടുവന്നു. ഇതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയും 2009 ൽ കെ.എം.എൽ ലൈസൻസികൾ പ്രിസംറ്റീവ് പ്രൊഫഷണൽ ടാക്സിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നും മുൻവർഷത്തെ അർദ്ധവർഷത്തിന്റെ വരുമാനത്തിന്റെ പട്ടിക പ്രകാരം പ്രൊഫഷണൽ ടാക്സ് അടച്ചാൽ മതിയെന്നും ബഹു. കേരള ഹൈക്കോടതി വിധി പുറപ്പെടുവിച്ചു.

## 8. ലോക്കൽബോഡി ലൈസൻസ്

കെ.എം.എൽ ലൈസൻസികൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ ലോക്കൽ ബോഡികളിൽനിന്ന് മൂലധനമനുസരിച്ച് 500 രൂപ മുതൽ 15000 രൂപവരെ ലൈസൻസ് ഫീസ് അടച്ച് ലൈസൻസ് എടുക്കണമെന്ന് 2020 ൽ കേരള സർക്കാർ നിയമം കൊണ്ടുവന്നു. മേൽ നിയമത്തിനെതിരെ അസ്സോസിയേഷൻ ബഹു. കേരള ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്ത് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ മേൽനിയമം നടപ്പാക്കരുതെന്ന് താല്ക്കാലിക ഉത്തരവ് (സ്റ്റേ) വാങ്ങി കേസ് നടത്തിവരുന്നു.

## 9. ഇൻഷുറൻസ്

2008 വരെ ഒരുലക്ഷം രൂപയ്ക്ക് ബർഗ്ലറി ഇൻഷുറൻസ് പ്രീമിയമായി 100 രൂപയും ടാക്സുമാണ് ഇൻഷുറൻസ് കമ്പനികൾ കെ.എം.എൽ. ലൈസൻസികളിൽ നിന്ന് ഈടാക്കിയിരിക്കുന്നത്. മാത്രമല്ല ഒരു ക്ലെയിം വന്നാൽ വർഷങ്ങളോളം കഴിഞ്ഞാണ് ക്ലെയിം തുക നൽകുകയും ചെയ്തിരുന്നത്. അസ്സോസിയേഷൻ യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി ഒരു ധാരണാപത്രം ഒപ്പിടുകയും അതിൻപ്രകാരം പ്രീമിയം തുക പകുതിയിൽ താഴെയാക്കുകയും ക്ലെയിം വന്നാൽ 45 മുതൽ 90 ദിവസത്തിനുള്ളിൽ 75% ക്ലെയിം തുക അഡ്വാൻസായി നൽകുകയും തുടർന്ന് ഫൈനൽ FIR ലഭിക്കുന്നതിനനുസരിച്ച് 5 മാസത്തിനുള്ളിൽ മുഴുവൻ ക്ലെയിം തുകയും തരുന്നതുമാണ്. പ്രീമിയം തുക ഇന്ന് ഒരുലക്ഷം രൂപയ്ക്ക് 18 രൂപ മുതൽ 25 രൂപ വരെയും താണിരിക്കുന്നു. കൂടാതെ 1000 രൂപ വരെ പ്രീമിയത്തിൽ 5 ലക്ഷം രൂപ വരെ സ്പെഷ്യൽ കണ്ടിജൻസി പോളിസി വഴി കളവ് മുതൽ, ചീറ്റിംഗ് മുതൽ, വ്യാജസ്വർണ്ണാഭരണങ്ങൾ എന്നിവ പണയം വെച്ച് വരുന്ന നഷ്ടം നികത്തപ്പെടുന്നു. ബർഗ്ലറി പ്രീമിയത്തിന്റെ അതേ പ്രീമിയത്തിൽ തന്നെ ആകെ ഇൻഷ്വർ ചെയ്ത തുകയുടെ 5 ശതമാനമോ 20 ലക്ഷം രൂപയോ ഏതാണോ കുറവ് ആ തുകയ്ക്ക് പ്രവർത്തനസമയത്ത് കൗണ്ടറിൽ കാഷും, സ്വർണ്ണാഭരണങ്ങളും ഇൻഷ്വർ ചെയ്യപ്പെടുന്നു.

## 10. ബോധവൽക്കരണ സെമിനാറുകൾ

താലൂക്ക് ജില്ലാ തലത്തിൽ ബോധവൽക്കരണ സെമിനാറുകൾ നടത്തി അസ്സോസിയേഷൻ അംഗങ്ങളെ ലാഭകരമായും സുതാര്യമായും മണിലെന്റിംഗ് ബിസിനസ്സ് നടത്തുന്നതിന് പ്രാപ്തരാക്കുന്നു.

## 11. ഫൈനാൻസിയർ

**"ഫൈനാൻസിയർ"** എന്ന ബുള്ളറ്റിൻ ത്രൈമാസത്തിൽ പ്രസിദ്ധീകരിച്ച് കാലാനുസൃതമായ എല്ലാ ധനകാര്യമാറ്റങ്ങളും പുതിയ നിയമങ്ങളും, കെ.എം.എൽ. ബിസിനസ്സിന്റെ നാനാവശങ്ങളും ഉൾക്കൊള്ളുന്ന ലേഖനങ്ങളും മെമ്പർമാരുടെ ഓഫീസുകളിൽ എത്തിക്കുന്നു.

കേരളത്തിലെ രജിസ്റ്റേഡ് മണിലേന്റേഴ്സിന്റെ ഉന്നമനത്തിനായി "ഓൾ കേരള പ്രൈവറ്റ് ബാങ്കേഴ്സ് അസ്സോസിയേഷൻ" (എ.കെ.പി.ബി.എ) വർഷങ്ങളായി ജാഗ്രതയോടെ പ്രവർത്തിച്ചുവരുന്നു. കെ.എം.എൽ ലൈസൻസികളുടെ ബുദ്ധിമുട്ടുകൾ രാഷ്ട്രീയ നേതൃത്വത്തെ ബോധ്യപ്പെടുത്തി ലൈസൻസികൾക്കെതിരെ നിയമങ്ങൾ വരാതിരിക്കുവാൻ ശ്രമിക്കുകയും എതിരെ വരുന്ന നിയമങ്ങളെ ബഹു. കോടതികൾ മുഖേനയും നേരിട്ട് മെമ്പർമാർക്ക് സംരക്ഷണം നൽകിവരുന്നു.

**സഹകരിക്കുക...**

**സംരക്ഷിക്കുക,**

**ജെയ് AKPBA**